പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1480

14.06.2013 - ൽ താൽക്കാലിക മറുപടി നല്കിയത്

## കർഷക ആത്മഹത്യ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി മൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തതെന്ന് വെളിപ്പെടുത്താമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 14.06.2013 വരെ 44 കർഷകർ സാമ്പത്തിക പ്രതിസന്ധി മൂലം ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ ഓരോരുത്തരുടേയും കുടുംബത്തിന് സർക്കാർ എത്ര തുക അനുവദിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആത്മഹത്യ ചെയ്ത 27 കർഷകരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ വീതവും ഒരു കർഷകന്റെ കുടുംബത്തിന് 50,000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തുണ്ടായ കടുത്ത വരൾച്ചയെ തുടർന്ന് കൃഷിനാശം സംഭവിച്ച ഏതെല്ലാം കർഷകർക്ക് എന്തു തുക വീതം നഷ്ടപരിഹാരം നൽകിയെന്ന് വിശദമാക്കാമോ ;

(സി) 2012 ഖാരിഫ് സീസണിൽ വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 3737 കർഷകർക്ക് 44,02,452/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | തുക (രൂപ) | കർഷകർ |
|---|---|---|
| ഇടുക്കി | 28,65,454 | 3489 |
| തിരുവനന്തപുരം | 15,00,000 | 234 |
| തൃശ്ശൂർ | 36,998 | 14 |
| ആകെ | 44,02,452 | 3737 |

(ഡി) വരൾച്ച നേരിടാൻ കേന്ദ്രം എന്തു തുക ഇതിനകം അനുവദിച്ചെന്ന് വ്യക്തമാക്കാമോ ?

(ഡി) 2012-13 സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 1995.3878 കോടി രൂപയുടെ അധികധനസഹായത്തിനും സംസ്ഥാനം പൂർണ്ണമായും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 7888.0965 കോടി രൂപയുടെ അധിക ധനസഹായത്തിനും കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇതിൽ ആദ്യ മെമ്മോറാണ്ടം കേന്ദ്രം പരിഗണിക്കുകയും അധിക വരൾച്ചാ ധനസഹായമായി 18.31 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത് സമർപ്പിച്ച മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ